# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. – 3983** — **20.07.2015-** ൽ മറുപടിക്ക്

## നെന്മാറ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ പ്രകാരം 1300 ലക്ഷം രൂപയുടെ അനുമതിയും 30.09.2014 -ലെ സ.ഉ (സാധാ) നം.4768/2014/റവന്യൂ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുമ്പായി പദ്ധതി ചെലവിന്റെ 25 ശതമാനം മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിക്കാണ് കത്ത് നൽകിയതെന്നും ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ; | (ബി) | പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുൻപായി പദ്ധതി ചെലവിന്റെ 25% തുക മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർ 24.11.2014-ന് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 25 ശതമാനമായ 2,64,30,000 രൂപ അനുവദിക്കുന്നതിനുള്ള എൽ.സി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കൊല്ലങ്കോട് പട്ടണത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും എന്ന് വിശദമാക്കുമോ? | (സി) | സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കിയതിന് ശേഷം ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ